കാഴ്ചപ്പാട്

കെ.സി സലീം

# വിശ്വാസികൾ ഉന്നതരാവുന്നതെപ്പോൾ?

**ബാങ്കുവിളി കേട്ടാലുടൻ നമസ്കാരത്തിന്നായി കുതിക്കുന്ന നിഷ്ഠാബോധം ജീവിതത്തിന്റെ മറ്റു മേഖലകളിൽ കാണാത്തതെന്തേ? അഞ്ച് കാര്യങ്ങളെക്കുറിച്ച് ചോദിക്കപ്പെടാതെ അന്ത്യനാളിൽ ഒരാളുടെയും കാലടികൾ മുമ്പോട്ട് നീങ്ങുകയില്ല എന്ന് തുടങ്ങുന്ന നബിവചനത്തിൽ പറഞ്ഞ അഞ്ചിലൊരു ചോദ്യം "നിങ്ങളുടെ ആയുസ്സ് - സമയം - എങ്ങനെ ചെലവഴിച്ചു" എന്നാണെന്ന് കൂടി ഓർക്കുമ്പോൾ ഇസ്ലാം സമയവ്യയത്തെ എത്ര ഗൗരവതരമായി കാണുന്നു എന്ന് മനസിലാക്കാം.**



'ഉരുകുന്ന സമയം' - സാൽവഡോർ ഡാലിയുടെ പെയിന്റിംഗ്

**"വിശ്വാസികളാണെങ്കിൽ** നിങ്ങളാണുന്നതർ" എന്ന ഖുർആൻ വാക്യം (3:139) തെറ്റായി വായിക്കുന്നവരാണ് ഇവിടെ അധികപേരും. വിശ്വാസികളായാൽ മതി, സമൂഹത്തിലുള്ള മുഴുവനാളുകളേക്കാളും ഉന്നതർ തങ്ങളായി എന്ന മൂഢവിശ്വാസത്തിലാണ് ഈ വിഭാഗം. ഒന്നും പഠിക്കാതെയും ഉന്നതമായ മൂല്യങ്ങൾ പുലർത്താതെയും സാമൂഹികമര്യാദകൾ വേണ്ടവിധം പാലിക്കാതെയും മറ്റുള്ളവരേക്കാൾ ഔന്നത്യത്തിലെത്താനുള്ള എളുപ്പ

വഴിയാണ് ഇതെന്ന് പലരും ധരിച്ചുവശായോ എന്ന് തോന്നിപ്പോകും പലപ്പോഴും. വിശ്വാസികളാവുമ്പോൾ എല്ലാ കാര്യത്തിലും ഉന്നതരാവണം എന്ന ഒരു സന്ദേശം അതിലുള്ളത് ആർക്കും വായിച്ചെടുക്കാനാവുന്നില്ല. എല്ലാ കാര്യങ്ങളും പൂർണതയോടെ ചെയ്യുന്നവർ, ഏതൊരു കാര്യവും കുറ്റമറ്റ രീതിയിൽ കൈകാര്യം ചെയ്യുന്നവർ, ജീവിതം തന്നെ സമ്പൂർണ മാതൃകയാക്കാവുന്നവർ. പരുഷവും വിരസവുമായ കാലഘട്ടത്തിന്റെ കൃത്രിമമായ കാപട്യങ്ങൾക്കതീതരായി, നടപ്പിലും ഇരിപ്പിലും വാക്കിലും പ്രവൃത്തിയിലും ഹാവഭാവങ്ങളിലുമെല്ലാം പൂർണത പ്രതിഫലിപ്പിക്കുന്ന മനുഷ്യരാവണം വിശ്വാസികൾ. അവർ മറ്റുള്ളവരോട് പെരുമാറുമ്പോഴും ഇടപഴകുമ്പോഴും ചാരുതയും മനോജ്ഞതയുമുണ്ടാവും. ശബ്ദം കുറച്ച് സംസാരിക്കുന്നവർ, എപ്പോഴും ജനങ്ങൾക്ക് ആശ്വാസം നൽകുന്നവർ; ഇവരെ കാണുമ്പോൾ തന്നെ മറ്റുള്ളവരിൽ സന്തോഷം കളിയാടും. ഇവർ ഇടപാടുകളിൽ സത്യസന്ധത കാണിക്കും. ജീവിതത്തിലെ ഏതൊരംശം എടുത്തു നോക്കിയാലും മറ്റുള്ളവരേക്കാൾ ഒരു പണത്തൂക്കം മുമ്പിലായിരിക്കും ആ മനുഷ്യർ. വിശ്വാസികൾ അത്തരത്തിൽ ഔന്നത്യം പുലർത്തുന്നവരാവണം എന്നതാണ് മേലുദ്ധരിച്ച ഖുർആൻ സൂക്തം അനുശാസിക്കുന്നത്. എന്നാൽ പരിതാപകരമാണ് നിലവിലുള്ള സ്ഥിതി.

വിശ്വാസിസമൂഹത്തിൽ സമയനിഷ്ഠയും സ്വഭാവപരമായ ഔന്നത്യവും വളർത്തിയെടുക്കാൻ ആസൂത്രിതമായ ശ്രമങ്ങൾ ആവശ്യമാണ്. നിശ്ചിത സമയങ്ങളിൽ ദിനേന അഞ്ച് നേരം പ്രാർഥനകൾ നിർബന്ധബാധ്യതയായി അനുഷ്ഠിച്ചുവരുന്നവർ പോലും ജീവിതത്തിൽ സമയനിഷ്ഠ പാലിക്കുന്നതിൽ വളരെ പിന്നോട്ടാണെന്ന് കാണാം. സമയത്തിന് വളരെയേറെ വില കൽപിക്കുന്ന മതമാണിസ്‌ലാം. ഇവിടെ ജീവിച്ചു തീർക്കുന്ന ഓരോ നിമിഷത്തെക്കുറിച്ചും ദൈവത്തോട് അന്ത്യനാളിൽ കണക്ക് ബോധിപ്പിക്കേണ്ടവനാണ് മനുഷ്യൻ. അതിനാൽ ദിനരാത്രങ്ങളിലെ ഒരു നിമിഷവും പാഴാക്കുന്നവനായിരിക്കില്ല വിശ്വാസി. അവനെ സംബന്ധിച്ചേടത്തോളം ഓരോ സെക്കന്റും വിലപ്പെട്ടതാണ്. ദൈവപ്രീതി കാംക്ഷിച്ചുകൊണ്ട് സദ്‌വൃത്തിയിലേർപ്പെടേണ്ട നിമിഷങ്ങളാണവയത്രയും. ഹൃദ്യമായ ഒരു പ്രവാചകവചനം ഇങ്ങനെ:

''ഒരു ദിനവും പ്രഭാതോദയം ചെയ്യുന്നില്ല, ഇങ്ങനെ വിളിച്ചു പറഞ്ഞുകൊണ്ടല്ലാതെ: ഞാനൊരു നവജാതനാണ്; നിന്റെ കർമസാക്ഷിയുമാണ്. അതിനാൽ എന്നെ പ്രയോജനപ്പെടുത്തിക്കൊള്ളുക. അന്ത്യനാൾ വരെ ഞാനിനി തിരിച്ചു വരില്ല.'' ജീവിതത്തിൽ ഒരു നിമിഷാർധം പോലും പാഴാക്കരുതെന്നും സദാ സമയനിഷ്ഠ പാലിക്കണമെന്നുമാണ് ഈ പ്രവാചകവചനത്തിന്റെ താൽപര്യം. ജർമൻ തത്ത്വചിന്തകനായ ഇമ്മാനുവൽ കാന്റ് തന്റെ വീട്ടിൽ നിന്ന് സായാഹ്ന സവാരി ക്കിറങ്ങുമ്പോഴാണ് അദ്ദേഹം താമസിക്കുന്ന കെനഗ്സ്ബർഗിലെ ജനങ്ങൾ വാച്ചൊപ്പിക്കുക എന്ന് അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ കാണാം.

ഇരുപത് വർഷം മുമ്പ് ഹോങ്കോങ്ങിൽ പോയപ്പോൾ ഒരനുഭവമുണ്ടായി. അവിടെയെത്തി ഹോട്ടലിൽ മുറിയെടുത്ത എന്നെ അവിടത്തെ ഒരു സുഹൃത്ത് വിളിച്ച് തൊട്ടടുത്ത ദിവസം രാവിലെ എന്നെ കാണാൻ വരുമെന്ന് പറഞ്ഞു. ഞാൻ താമസിക്കുന്ന ഹോട്ടലിന്റെ പേര് പറഞ്ഞുകൊടുത്തപ്പോൾ അതിന്റെ കിഴക്ക് ഭാഗത്തായി സ്ഥിതിചെയ്യുന്ന അഞ്ചാം നമ്പർ ലിഫ്റ്റിന്നടുത്തെത്താമെന്നദ്ദേഹം പറഞ്ഞു. "താങ്കൾ എത്ര മണിക്ക് വരും?'' ഞാൻ ചോദിച്ചു. "8.07'' - അദ്ദേഹം മറുപടി പറഞ്ഞു. അത്ഭുതമായിരുന്നു എനിക്ക്. സമയം പറയുമ്പോൾ സുഊദി അറേബ്യയിലുള്ളവർ ഏതെങ്കിലും നമസ്കാരത്തിന്റെ ശേഷമോ മുമ്പോ എന്ന ക്രമത്തിലാണ് പറയുകയെന്ന്

സിയാവുദ്ദീൻ സർദാർ എഴുതിയിട്ടുണ്ട്. ഇന്ത്യക്കാർ പൊതുവെ സമയനിഷ്ഠ പാലിക്കുന്നതിൽ പിന്നോട്ടാണ്. ഇന്ത്യക്കാരനായ എന്നിൽ നിന്ന് അദ്ദേഹം എന്താണ് പ്രതീക്ഷിച്ചിട്ടുണ്ടാവുക എന്നെനിക്കറിയില്ല. എന്തായാലും പിറ്റെ ദിവസം രാവിലെ 8.05 ആവുമ്പോഴേക്ക് തന്നെ ഞാൻ തൊട്ടടുത്ത ഒരു കാപ്പിക്കടയിൽ നിന്ന് കാപ്പി കുടിച്ച് അദ്ദേഹത്തെ സ്വീകരിക്കാൻ തയാറായി നിന്നു. 8.06 ആയപ്പോൾ അതാ ദൂരെ ആജാനുബാഹുവായ ഒരു മനുഷ്യന്റെ രൂപം പ്രത്യക്ഷപ്പെട്ടു. ഞങ്ങൾ രണ്ടുപേരും പെട്ടെന്നു തന്നെ തിരിച്ചറിഞ്ഞു. അദ്ദേഹം – ആലി തിംഗ് – എന്റെ അടുത്തെത്തിയപ്പോൾ സമയം കൃത്യം 8.07. സ്വന്തം നാട്ടിലെ സമയനിഷ്ഠ പാലിക്കാത്ത അസംഖ്യം അനുഭവങ്ങളുമായി പോയ എന്റെ ജീവിതത്തിലെ ഏറ്റവും സന്തോഷകരമായ നിമിഷങ്ങളിലൊന്നായിരുന്നു അത്. നമ്മുടെ നാട്ടിൽ സമയം കണക്കാക്കുന്നത് പലപ്പോഴും മണിക്കൂറിനെ നാലാക്കി തിരിച്ചാണ്. ചിലർക്ക് അത് രണ്ടാക്കി തിരിച്ചാവും. അതിനെ ഒന്നായി കാണുന്നവരും സുഊദി ശൈലിയിൽ കാണുന്നവരുമൊക്കെയുണ്ടാവും. ഇസ്‌ലാമിന്റെ സങ്കൽപമനുസരിച്ചാണെങ്കിൽ മിനിറ്റും സെക്കന്റുമൊക്കെ കണക്കാക്കി വേണം ഗണിക്കാൻ. നിമിഷങ്ങളെ തന്മാത്രകളായി കാണാൻ കഴിഞ്ഞാൽ സദ്‌വൃത്തിക്ക് ആയുസ്സിലെത്ര സമയം അധികമായി കിട്ടുമെന്നാലോചിച്ച് നോക്കുക. കാലം എന്ന പേരിൽ ഖുർആനിൽ ഒരധ്യായം പോലുമുണ്ടെന്നോർക്കുക.

സമയത്തെക്കുറിച്ച ഇത്തരം സങ്കൽപം ഇവിടെ പുലർത്തുന്നവർ വളരെ വിരളം. ഉത്തമസമൂഹമാവണമെങ്കിൽ ജീവിതം ചിട്ടപ്പെടുത്താൻ തുടങ്ങുന്നത് ഇവിടെ നിന്ന് തന്നെ വേണം. ബാങ്കുവിളി കേട്ടാലുടൻ നമസ്കാരത്തിന്നായി കുതിക്കുന്ന നിഷ്ഠാബോധം ജീവിതത്തിന്റെ മറ്റു മേഖലകളിൽ കാണാത്തതെന്തേ? അഞ്ച് കാര്യങ്ങളെക്കുറിച്ച് ചോദിക്കപ്പെടാതെ അന്ത്യനാളിൽ ഒരാളുടെയും കാലടികൾ മുമ്പോട്ട് നീങ്ങുകയില്ല എന്ന് തുടങ്ങുന്ന നബിവചനത്തിൽ പറഞ്ഞ അഞ്ചിലൊരു ചോദ്യം "നിങ്ങളുടെ ആയുസ്സ് – സമയം – എങ്ങനെ ചെലവഴിച്ചു" എന്നാണെന്ന് കൂടി ഓർക്കുമ്പോൾ ഇസ്‌ലാം സമയവ്യയത്തെ എത്ര ഗൗരവതരമായി കാണുന്നു എന്ന് മനസിലാക്കാം.

പല മതസംഘടനകളുമായും ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആളുകളുമായി അടുത്തിടപഴകിയാൽ മനസ്സിലാവുന്നത് അത്തരം സംഘടനകളുമായി ബന്ധപ്പെടുന്ന പലർക്കും സംഘടനാബന്ധം ഒരു എസ്കേപ്പ് റൂട്ടാണെന്നാണ്. നീണ്ട താടി, തൊപ്പി, ഹാജി എന്ന പട്ടം, പള്ളിക്കമ്മിറ്റിയിൽ ഭാരവാഹിത്തം തുടങ്ങി നമ്മുടെ സമൂഹത്തിൽ മതത്തിന്റെ ചിഹ്നങ്ങളായി കാണപ്പെടുന്നവയിൽ ഏതെങ്കിലും ഒന്നോ അതിലധികമോ ഉള്ളവരിൽ പലരും ജീവിതത്തിൽ നമസ്കാരം, നോമ്പ് എന്നിവ മാത്രം ദൈവത്തിന്ന് കൊടുക്കുകയും അവയൊഴിച്ചുള്ള മേഖലകൾ സീസർക്ക് തീറെഴുതുകയും ചെയ്തവരാണെന്ന് കാണുന്നു. കച്ചവടത്തിലെ മാന്യത, ജീവനക്കാർക്ക് വേതനം കൊടുക്കുമ്പോൾ ഒരു മുസ്‌ലിമിൽ നിന്ന് പ്രതീക്ഷിക്കാവുന്ന സാഹോദര്യ ബോധം, അയൽപക്കബന്ധങ്ങളിലെ മാന്യത, ആളുകളുമായി ഇടപഴകുന്നതിലെ സുതാര്യത തുടങ്ങി പലതും അവർക്ക് മതത്തിന്ന് പുറത്താണ്. ഇവർക്കാണ് മതം ഒരു മുഖംമൂടിയാവുന്നത്.

പാപങ്ങൾ പൊറുത്തുകൊടുക്കാൻ പള്ളി അധികാരികൾ പിഴ ഈടാക്കുന്ന ഒരു സംവിധാനമുണ്ടായിരുന്നു ക്രിസ്ത്യാനികൾക്കിടയിൽ. ഇന്റൾജൻസ് എന്ന പേരിൽ ആണ് അതറിയപ്പെടുന്നത്. ഒന്നാം കുരിശുയുദ്ധത്തിൽ പങ്കെടുത്ത സൈനികപദവിയിലുള്ള ഉന്നതകുലജാതർക്ക് പോപ്പ് അർബൻ രണ്ടാമൻ കൊടുത്ത

**മുത്തഖി - സൂക്ഷ്മാലു - ആവുകയെന്നാൽ ബാഹ്യമായ രൂപ ങ്ങളാർജിക്കലല്ല, പ്രവർത്തനത്തിലും ജീവിതത്തിലുടനീളവും സൂക്ഷ്മതയും വെടിപ്പും വൃത്തിയും പാലിക്കലാണ്. ഇങ്ങനെ വരുമ്പോഴാണ് പ്രകൃതിമതത്തിൽ വിശ്വസിക്കുന്ന ഒരാൾ പ്രകൃതിക്കിണങ്ങി ജീവിക്കുന്നവനാകുന്നത്. ഇങ്ങനെയൊരു ഗുണം ആർജിക്കുമ്പോൾ വിശ്വാസി ഉന്നതനാവും. "വിശ്വാസി ഉന്നതനാണ്" എന്ന ലേബൽ കൊണ്ട് ആർജിക്കാവുന്നതല്ല ഈ ഗുണം.**

---

പാപമുക്തിയാണ് ഈ ഇനത്തിൽ ആദ്യകാലത്തുണ്ടായവയിൽ ഒന്ന്. പാപം പൊറുക്കാൻ പിഴ കൊടുത്താൽ മതിയെന്ന സ്ഥിതി വന്നപ്പോൾ പള്ളി അധികാരികൾ ഈ സംവിധാനം സാധാരണക്കാർക്കിടയിലും വ്യാപിപ്പിക്കുകയും ഒരു വരുമാന മാർഗമാക്കുകയും ചെയ്തതായി എൻസൈക്ലോപീഡിയാ ബ്രിട്ടാനിക്കയിൽ കാണാം. (2006-ലെ പതിപ്പ്). ആളുകൾ ആരാധനാലയത്തിൽ പോകാതെ തന്നെ സമൂഹത്തിൽ സ്ഥാനം നേടാൻ കുറുക്കുവഴി കണ്ടുപിടിക്കുകയായിരുന്നു. എന്റെ നാട്ടിൽ പ്രചാരത്തിലുള്ള ഒരു ഫലിതമുണ്ട്. പരിസരത്തുള്ള ആരും പള്ളിയിൽ വരാതായപ്പോൾ പള്ളിയിലെ ഇമാം ഒരു ദിവസം പ്രഖ്യാപിച്ചു, ഇനി മുതൽ വെള്ളി യാഴ്ച ജുമുഅ നമസ്കാരത്തിനെങ്കിലും വരാത്തവർ ഓരോരുത്തരും പത്ത് രൂപാ വീതം പിഴയടക്കണമെന്ന്. പിറ്റേന്ന് കാലത്ത് തന്നെ അവിടത്തെ പൗരമുഖ്യനായ ഒരു പള്ളിക്കമ്മിറ്റി അംഗം പള്ളിയിലെത്തി ഇമാമിനെ രഹസ്യമായി കണ്ട് അമ്പത് രൂപാ ഏൽപിച്ച് ഇങ്ങനെ പറഞ്ഞുവത്രെ: "അടുത്ത അഞ്ച് വെള്ളിയാഴ്ചകളിൽ എന്നെ പ്രതീക്ഷിക്കേണ്ട. അതിന്ന് ശേഷമുള്ളവ യഥാസമയം ഞാനെത്തിച്ചു കൊ ള്ളാം.'' ഇതൊരു ഫലിതം മാത്രമാണ്. ഇസ്‌ലാമിൽ ഇത്തരം കുറുക്കുവഴികളൊന്നുമില്ല.

സാമ്പത്തിക രംഗത്ത് സുതാര്യതയും ശുദ്ധിയും കൈവരിക്കുന്നതിലാണ് മിക്കവാറും എല്ലാ മത സംഘടനകളുമായും ബന്ധപ്പെട്ട പ്രവർത്തകർ പരാജയപ്പെട്ട് പോകുന്നതായി കാണുന്നത്. ജീവിതശുദ്ധിയുടെ കാര്യത്തിൽ, കൈവരിച്ചതിലേറെ ഉണ്ടെന്ന് വിശ്വസിക്കുകയും നന്മ പകർത്തേണ്ട കാര്യത്തിൽ പ്രവർത്തിക്കുന്നതിലേറെ ധ്യാനിക്കുകയും ചെയ്യുന്നതിലാണിവർക്ക് കൂടുതൽ താൽപര്യം. പ്രാർഥനകൾക്കപ്പുറം ജീവിതത്തിന്റെ ഇതര മേഖലകളിൽ പരുഷവും വിരസവുമായ സമീപനങ്ങൾ ഉണ്ടാവുമ്പോഴും വൈകാരിക തലങ്ങളിൽ ഊഷരത ബാധിക്കുമ്പോഴും ആളുകൾ നമ്മുടെ ചുറ്റിൽ നിന്നും അകന്ന് പോകും. അതിനെക്കുറിച്ചാണ് ''നീ പരുഷസ്വഭാവിയും കഠിനഹൃദയനും ആയിരുന്നെങ്കിൽ ആളുകൾ നിനക്കു ചുറ്റിൽ നിന്നും അകന്നുപോകുമായിരുന്നു" എന്ന് ഖുർആൻ പറഞ്ഞത്. കീഴടക്കാനാവാത്ത ഒരു മനഃസാക്ഷിക്കുത്ത് ആദ്യമാദ്യം ഇവർക്കുണ്ടായിക്കൂടെന്നില്ല. ഹൃദയത്തിൽ കറുത്ത പുള്ളികൾ ഓരോന്നോരോന്നായി വീണ് പിന്നീടത് ശീലമായിപ്പോകുന്നു. ഇത്തരം വിശ്വാസികളുടെ പെരുമാറ്റങ്ങൾ സമൂഹത്തിൽ വെറുപ്പിന്റെ വിത്തുകളാണ് വിതക്കുക. ഇവരെങ്ങനെ "നിങ്ങളാണുന്നതർ" എന്ന വിശേഷണത്തിന്നർഹരാവും?

കല്ലും മുള്ളും നിറഞ്ഞ വഴിയിലൂടെ പോകുമ്പോൾ അത് ശരീര ത്തിന്നേൽക്കാതെ സൂക്ഷിച്ച് നടന്ന് പോകാറില്ലേ, അങ്ങനെ ജീവിതത്തിൽ തിന്മയുടെ

വഴിയിൽ പെടാതെ സൂക്ഷിച്ച് നന്മയുടെ വഴിയിലൂടെ പോകുക എന്നർഥം വരുന്ന തരത്തിൽ ഉമറുബ്നുൽ ഖത്താബ് തഖ്‌വയെ വിശദീകരിച്ചിട്ടുണ്ട്. ജീവിതത്തിൽ എന്ത് കാര്യം ചെയ്യുമ്പോഴും സൂക്ഷ്മത പാലിക്കുക എന്ന ഒരർഥം ഇതിൽ ഒളി ഞ്ഞിരിക്കുന്നു. ഖുർആനിൽ ആകാശഭൂമികളെക്കുറിച്ച് പറയുന്നേടത്ത് ഇങ്ങനെ കാണാം: "കരുണാമയനായ ദൈവത്തിന്റെ സൃഷ്ടികർമത്തിൽ നീ ഒരു കോട്ടവും കാണുന്നതല്ല. വീണ്ടും നോക്കുക. എവിടെയെങ്കിലും വല്ല കോട്ടവും കാണുന്നുണ്ടോ? ആവർത്തിച്ചാവർത്തിച്ച് നോക്കുക. നിന്റെ കണ്ണ് ക്ഷീണിച്ച് പരാജിതമായി തിരിച്ചുവരും'' (67:3,4). മറ്റൊരിടത്ത്, "മനുഷ്യനെ നാം ഏറ്റവും സുന്ദരമായ രൂപത്തിലാണ് സൃഷ്ടിച്ചിരിക്കുന്നത്" എന്ന് കാണാം. മനുഷ്യനടക്കം പ്രപഞ്ചത്തിലെ എല്ലാ ജീവജാലങ്ങളും യാതൊരു കുറ്റവും കുറവുമില്ലാത്ത രീതിയിൽ സൃഷ്ടിക്ക പ്പെട്ടതാണെന്ന് പറഞ്ഞു തന്നത് എന്തിനാണ്? വിശ്വാസികൾ കാര്യങ്ങൾ ചെയ്യുമ്പോൾ അത്തരത്തിൽ അതിസൂക്ഷ്മതയും കൃത്യതയും കാണിക്കാൻ തന്നെ. വിശ്വാസി ഏത് കാര്യം ചെയ്യുമ്പോഴും ഉണ്ടാവും അഥവാ ഉണ്ടാവണം വൃത്തിയും വെടിപ്പും. കാര്യങ്ങൾ ചെയ്യുന്നതിൽ ഇങ്ങനെ സൂക്ഷ്മത പാലിക്കൽ കൂടിയാണ് തഖ്‌വ. മുത്തഖി - സൂക്ഷ്മാലു - ആവുകയെന്നാൽ ബാഹ്യമായ രൂപങ്ങളാർജിക്കലല്ല, പ്രവർത്തനത്തിലും ജീവിതത്തിലുടനീളവും സൂക്ഷ്മതയും വെടിപ്പും വൃത്തിയും പാലിക്കലാണ്. ഇങ്ങനെ വരുമ്പോഴാണ് പ്രകൃതിമതത്തിൽ വിശ്വസിക്കുന്ന ഒരാൾ പ്രകൃതിക്കിണങ്ങി ജീവിക്കുന്നവനാകുന്നത്. ഇങ്ങനെയൊരു ഗുണം ആർജിക്കുമ്പോൾ വിശ്വാസി ഉന്നതനാവും. ''വിശ്വാസി ഉന്നതനാണ്'' എന്ന ലേബൽ കൊണ്ട് ആർജിക്കാവുന്നതല്ല ഈ ഗുണം.

ഖുർആൻ വിശ്വാസികൾക്ക് നൽകിയ ചില നിർദേശങ്ങളിതാ:

"നിങ്ങൾക്കറിവില്ലാത്ത കാര്യത്തിന്റെ പിന്നാലെ പോകരുത്. തീർച്ചയായും കണ്ണും കാതും ഹൃദയവും എല്ലാം ചോദിക്കപ്പെടും. ഭൂമിയിൽ അഹങ്കരിച്ച് നടക്കരുത്. ഭൂമിയെ പിളർക്കാൻ നിനക്കാവില്ല. പർവതങ്ങളുടെ ഉയരം പ്രാപിക്കാനും കഴിയില്ല" (17:36, 37). "നീ നമസ്കാരം മുറപ്രകാരം നിർവഹിക്കുകയും നന്മ കൽപിക്കുകയും തിന്മ വിലക്കുകയും നിന്നെ ബാധിക്കുന്ന വിപത്തുകളിൽ ക്ഷമ പാലിക്കുകയും ചെയ്യുക..... നീ അഹങ്കാരത്തോടെ ആളുകളിൽ നിന്ന് മുഖം തിരിച്ചുകളയരുത്. ഭൂമിയിൽ പൊങ്ങച്ചത്തോടെ നടക്കുകയുമരുത്. ദുരഭിമാനിയും പൊങ്ങച്ചക്കാരനുമായ യാതൊരാളെയും അല്ലാഹു ഇഷ്ടപ്പെടുകയില്ല. നിന്റെ നടത്തത്തിൽ നീ മിതത്വം പാലിക്കുക. ശബ്ദം കുറക്കുകയും ചെയ്യുക. ശബ്ദങ്ങളുടെ കൂട്ടത്തിൽ ഏറ്റവും വെറുപ്പുളവാക്കുന്നത് തീർച്ചയായും കഴുതയുടെ ശബ്ദമാണ് (ഖുർആൻ 31:17-19). സംസ്കാര സമ്പന്നമായ സമൂഹങ്ങളുടെ സവിശേഷതയാണ് ശബ്ദം കുറച്ച് സംസാ രിക്കുകയെന്നത്. പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പു തന്നെ ഇസ്‌ലാം ഈ നല്ല സ്വഭാവം പഠിപ്പിച്ചിരുന്നു. എന്നാൽ ഇന്നും ഇത് പലരും ശീലിക്കേണ്ടതായിട്ടാണുള്ളത്.

ഒരാൾ സംസാരിക്കുമ്പോൾ പുറത്തു വരുന്ന ശബ്ദത്തിന്റെ അളവ് ഏതാണ്ട് അറുപത് ഡെസിബൽ ആണ്. ശബ്ദം കുറച്ച് സംസാരിക്കുമ്പോൾ അത് നാൽപത്തഞ്ചിൽ നിൽക്കും. എൺപത് ഡെസിബലിന്നപ്പുറത്തുള്ള ശബ്ദം നമ്മുടെ കാതുകൾക്ക് അത്ര നല്ലതല്ല. പടക്കത്തിന്റെയും വെടിയുടെയുമെല്ലാം ശബ്ദം ഏതാണ്ട് 160 ഡെസിബലുണ്ടാവും. ഹാനികരമാണത്. മനുഷ്യൻ കാര്യങ്ങളെല്ലാം ഇത്ര വിശദമായി അറിയുന്നതിന്ന് മുമ്പ് തന്നെയാണ് ഇസ്‌ലാം ശബ്ദം കുറച്ച് സംസാരിക്കാൻ അനുയായികളെ പഠിപ്പിച്ചത്. "പ്രവാചകന്റെ ശബ്ദത്തിന്ന് മുകളിൽ നിങ്ങൾ ശബ്ദമുയർത്തരുത്" എന്ന് ഖുർആൻ ആദ്യം പഠിപ്പിച്ചു. പ്രവാചകന്റെ

അനുചരന്മാരിൽ കൂടുതൽ ഉച്ചത്തിൽ സംസാരിക്കാറുണ്ടായിരുന്ന ഒരാൾ ഈ സൂക്തം അവതീർണമായതിനെത്തുടർന്ന് ഒരാഴ്ചക്കാലം പ്രവാചകന്റെയടുക്കൽ വരാതായപ്പോൾ അവിടുന്ന് ആളെ വിട്ട് അന്വേഷിച്ചു. ശബ്ദം കുറച്ച് സംസാരിക്കാൻ ശീലിക്കുകയായിരുന്നു അദ്ദേഹം. നേരത്തേ പ്രവാചകന്റെ മുമ്പിൽ ഉച്ചത്തിൽ സംസാരിച്ചുപോയതിന്റെ ജാള്യതയും. പിന്നീടൊരിക്കലും അദ്ദേഹം ഉച്ചത്തിൽ സംസാരിച്ചിട്ടില്ലെന്ന് ചരിത്രം പറയുന്നു. സമൂഹമധ്യേ ജീവിക്കുമ്പോൾ പാലിക്കേണ്ട മര്യാദകൾ പ്രവാചകന്റെ അനുചരന്മാർ ശീലിച്ചതിങ്ങനെയായിരുന്നു. ഇങ്ങനെയൊരു തലത്തിലേക്ക് വിശ്വാസികൾ വളർന്നിട്ടുണ്ടെങ്കിൽ അവർ 'ഉന്നതർ' തന്നെ. ബുദ്ധി ഉപയോഗിച്ച് സ്വന്തം ആശയം മറ്റൊരാളെ ബോധ്യപ്പെടുത്താൻ കഴിയാതിരിക്കുമ്പോൾ കൂടുതൽ ഒച്ചയിട്ട് അപരനെ പരാജയപ്പെടുത്തിയെന്ന പ്രതീതിയുണ്ടാക്കരുതെന്നും ഇതിന്നർഥമാവാം.

***********

വർഷങ്ങൾക്ക് മുമ്പ് ഒരു സുഹൃത്ത് ചോദിച്ചു: "ക്രിസ്തുമതം സ്നേഹമാണ് ദൈവം എന്ന് പഠിപ്പിച്ച് മതത്തെ സ്നേഹത്തിന്റെ പര്യായമാക്കുന്നു. മുസ്‌ലിം പണ്ഡിതന്മാരാകട്ടെ നരകാഗ്നിയുടെ കാഠിന്യം വിവരിച്ച് മനുഷ്യരെ പേടിപ്പിച്ച് വിശ്വാസത്തിലേക്ക് ക്ഷണിക്കുന്നു. യുക്തി ഉപയോഗിക്കുന്ന ഒരു മനുഷ്യൻ ഏതാവും സ്വാഭാവികമായും സ്വീകരിക്കുക?" മതത്തിന്റെ സവിശേഷത എന്ന നിലയിൽ മുമ്പോട്ടുവെക്കുന്ന ആശയം അനാകർഷകമായതു കൊണ്ടാണ് ആ സുഹൃത്തിന്ന് അങ്ങനെ തോന്നാനിടയായത്. ഇസ്‌ലാമിന്റെ സുന്ദരമായ മുഖം മറ്റുള്ളവരുടെ മുമ്പിൽ കാണിച്ചുകൊടുക്കുന്നതിൽ വിശ്വാസികൾ പരാജയപ്പെട്ടതിന്റെ ഫലമായുണ്ടായ ഒരു തെറ്റുധാരണയാണത്. മതത്തിന്റെ ഏത് ഭാഗത്തിന്നാണ് കൂടുതൽ ഊന്നൽ കൊടുക്കേണ്ടതെന്ന കാര്യത്തിൽ ക്രിസ്ത്യൻ മതപ്രബോധകർ വിജയിച്ചു എന്നാണ് സ്നേഹത്തിലൂന്നിയുള്ള അവരുടെ പ്രചാരണത്തിന്ന് കൂടുതൽ സ്വീകാര്യത കിട്ടിയത് സൂചിപ്പിക്കുന്നത്. മുസ്‌ലിം മതപണ്ഡിതന്മാർ നരകശിക്ഷയെയും നരകാഗ്നിയെയും മുമ്പിൽവെച്ച് വിശ്വാസികളെ പിടിച്ചുനിർത്തുന്നതിന്റെ ആപത്താണിത്. ഇക്കാരണത്താൽ ഇസ്‌ലാമിന്റെ സുന്ദരമായ വശങ്ങളൊന്നും ഇതര മതസ്ഥർക്ക് അറിയാനവസരം കിട്ടാതെ പോയി. അവരിപ്പോഴും ഇസ്‌ലാം താടി വളർത്തുന്നതിന്റെയും തൊപ്പി ധരിക്കുന്നതിന്റെയും നാല് വിവാഹം കഴിക്കുന്നതിന്റെയും ഇഷ്ടാനുസാരം വിവാഹമോചനം ചെയ്യുന്നതിന്റെയും സ്ത്രീകൾക്ക് സ്വാതന്ത്ര്യം നിഷേധിക്കുന്നതിന്റെയും മതമാണെന്ന് ധരിച്ചുപോയെങ്കിൽ അതിനുത്തരവാദി അവരായിരിക്കില്ല. മുസ്‌ലിംകൾ ഉണ്ടാക്കിയെടുത്ത പ്രതിഛായയാണതെന്നോർക്കണം. വിശ്വാസികളുടെ അറിവുകേടോ സ്വാർഥതാൽപര്യങ്ങളോ മൂലം മതത്തിന്റെ സുന്ദരവശങ്ങൾ വെളിച്ചം കാണാതെ പോവുന്നു.

ദൈവം പരമകാരുണികനും കരുണാവാരിധിയുമാണ് - ഈ വാക്യം പറഞ്ഞുകൊണ്ടാണ് ഏതൊരു മുസ്‌ലിമും എന്ത് കാര്യവും ചെയ്യുന്നത്. ഖുർആനിലെ ആദ്യ അധ്യായത്തിൽ തന്നെ തുടങ്ങുന്നു അല്ലാഹുവിനെക്കുറിച്ചുള്ള ഈ വിശേഷണം. പരസ്പരസ്നേഹവും ആർദ്രതയും സമസൃഷ്ടി സ്നേഹവും പരസ്പരകാരുണ്യവും സഹജീവികളോടുള്ള ഗുണകാംക്ഷയുമെല്ലാമാണ് ഈ മതത്തിന്റെ കാതൽ. "മതം എന്നാൽ ഗുണകാംക്ഷയാണ്" എന്നാണ് പ്രവാചകൻ പഠിപ്പിച്ചത്. "ഭൂമിയിലുള്ളവരോട് കരുണ കാണിക്കുക; ആകാശത്തുള്ളവൻ നിങ്ങളോട് കരുണ കാണിക്കും," ''അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ നല്ലത് മാത്രം സംസാരിക്കട്ടെ, അതിഥിയെ ആദരിക്കട്ടെ, അയൽക്കാരനെ ആദരിക്കട്ടെ. ഏതൊ

രുവന്റെ ദ്രോഹത്തിൽ നിന്ന് തന്റെ അയൽക്കാരൻ നിർഭയനാകുന്നില്ലയോ അവൻ വിശ്വാസിയല്ല" (ബുഖാരി, മുസ്‌ലിം). "നിങ്ങൾ എവിടെയായിരുന്നാലും സൂക്ഷ്മതയുള്ളവനായിരിക്കുക; തിന്മക്ക് പിറകെ നന്മയെ തുടർത്തുക, ആ നന്മ തിന്മയെ മായ്ച്ചുകളയും. മനുഷ്യരോട് നല്ല സ്വഭാവത്തോടെ പെരുമാറുക" (തിർമിദി). "ദൈവം നിനക്ക് നൽകിയതുകൊണ്ട് തൃപ്തിപ്പെടുക, നീ ജനങ്ങളിൽ വെച്ചേറ്റവും ഐശ്വര്യവാനാകും; അയൽക്കാർക്ക് നന്മ ചെയ്യുക, നീ സത്യവിശ്വാസിയാകും; നിനക്ക് വേണ്ടി ആഗ്രഹിക്കുന്നത് ജനങ്ങൾക്ക് വേണ്ടിയും ആഗ്രഹിക്കുക, നീ മുസ്‌ലിമാകും" (അഹ്മദ്, തിർമിദി). സ്വന്തത്തേക്കാൾ മറ്റുള്ളവർക്ക് പ്രാമുഖ്യം നൽകുന്നവരെ ആർക്കാണ് വെറുക്കാൻ കഴിയുക?

തന്റെ ഭൃത്യനെ ശകാരിച്ച അബൂദർറിനെ പ്രവാചകൻ വിളിച്ച് ഇങ്ങനെ ഉപദേശിച്ചു: "തീർച്ചയായും നിങ്ങൾ ഇപ്പോഴും മനസ്സിന്റെ ഉള്ളിൽ ജാഹിലിയ്യത്ത് പുലർത്തുന്ന ആളാണ്. നിങ്ങളുടെ ഭൃത്യന്മാർ നിങ്ങളുടെ സഹോദരരാണ്. തന്റെ കീഴിൽ അങ്ങനെ ആരെങ്കിലുമുണ്ടെങ്കിൽ അവൻ താൻ ഉണ്ണുന്നത് അവരെ ഊട്ടുകയും താൻ ഉടുക്കുന്നത് അവരെ ഉടുപ്പിക്കുകയും ചെയ്യണം. അവർക്ക് കഴിയാത്ത ഭാരം അവരുടെ മേൽ ചുമത്തരുത്. അങ്ങനെ ചുമത്തുകയാണെങ്കിൽ നിങ്ങൾ അവരെ സഹായിക്കണം'' (ബുഖാരി). അതു തന്നെയാണ് കാര്യം. വിശ്വാസികളായ പലരിലും ജാഹിലിയ്യത്തിന്റെ അംശം ഇപ്പോഴും നിലനിൽക്കുന്നുണ്ട്. അത് അവനവൻ തന്നെ ആത്മപരിശോധന നടത്തി സ്വയം കണ്ടെത്തുകയാണ് വേണ്ടത്. അത്തരം പോരായ്മകൾ നികത്തുമ്പോഴാണ് വിശ്വാസികൾ 'ഉന്നതർ' ആവുക. വിശ്വാസികൾ പരസ്പരം കണ്ണാടിയാണെന്ന് പ്രവാചകൻ പഠിപ്പിച്ചിട്ടുണ്ടെങ്കിലും കണ്ണാടിയുടെ പങ്കു വഹിക്കാൻ അധികമാരും തയാറാവില്ല. കാരണം, തനിക്കഭിമുഖമായുള്ള കണ്ണാടിയിൽ തന്റെ പ്രതിഛായയും കാണുമല്ലോ. ജീവിതം ശുദ്ധീകരിച്ച് അതിനെ നന്മയുടെ നിറകുടമാക്കാനുള്ള ശ്രമം വിശ്വാസികൾ ചെയ്യാത്ത കാലത്തോളം മതത്തെക്കുറിച്ച തെറ്റുധാരണകൾ നിലനിൽക്കുകയും വിശ്വാസികൾ ഇതര സമൂഹങ്ങൾക്കിടയിൽ അപഹാസ്യരാവുകയും ചെയ്യും. കൂടെയുള്ളവരോടുള്ള പെരുമാറ്റവും ജീവിതക്രമവും ശീലങ്ങളുമെല്ലാം സഹജീവികളിലേക്ക് പല സന്ദേശങ്ങളുമയക്കുന്നുണ്ട്.

അനസ്ബ്നു മാലിക് പറഞ്ഞതായി ബുഖാരി ഉദ്ധരിക്കുന്നു: "ഞാൻ പത്ത് വർഷം പ്രവാചകന്റെ കീഴിൽ സേവനമനുഷ്ഠിച്ചു. ആ കാലയളവിൽ ഒരിക്കലെങ്കിലും അവിടുന്ന് എന്നോട് 'ഛെ' എന്നൊരു വാക്ക് പറയുകയോ 'നീ എന്തിനത് ചെയ്തു, അല്ലെങ്കിൽ നീ എന്തു കൊണ്ടത് ചെയ്തില്ല എന്നോ ചോദിക്കുകയുണ്ടായില്ല." പ്രവാചകന്റെ ഈ സ്വഭാവം സ്വന്തം ജീവിതത്തിൽ എത്രത്തോളമുണ്ടെന്ന് ഓരോരുത്തരും പരിശോധിച്ച് നോക്കുക. വിനയവും സൽസ്വഭാവവും ഹൃദയ വിശാലതയും ജീവിതത്തിൽ ഒന്നിനും കുറവ് വരുത്തുന്നില്ല, അവനവന്റെ യശസ്സ് ഉയർത്തുകയല്ലാതെ. ഭൂമിയിൽ അഹങ്കരിച്ച് നടക്കുന്നതിനെ ഖുർആൻ (17:36,37) വിമർശിച്ചിട്ടുമുണ്ട്.

പ്രവാചകൻ പഠിപ്പിച്ചു: "ജനങ്ങളോട് കരുണ കാണിക്കാത്തവനോട് അല്ലാഹു കരുണ കാണിക്കുകയില്ല" (ബുഖാരി, മുസ്‌ലിം). "ഭൂമിയിലുള്ളവരോട് കരുണ കാണിക്കുക, ആകാശത്തുള്ളവൻ നിങ്ങളോട് കരുണ കാണിക്കും." ഇസ്‌ലാം എല്ലാ മനുഷ്യരെയും സഹോദരന്മാരായി കാണുന്നു. "മനുഷ്യരേ, നിങ്ങളെ നാം ഒരാണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമാണ് സൃഷ്ടിച്ചത്. നിങ്ങളെ വിവിധ ഗോത്രങ്ങളും സമുദായങ്ങളുമാക്കിയത് നിങ്ങൾ പരസ്പരം തിരിച്ചറിയാൻ വേണ്ടിയാണ്" (ഖുർആൻ 49:13). "നിങ്ങളെല്ലാവരും ആദമിൽ നിന്നാണ്. ആദമാകട്ടെ മണ്ണിൽ നിന്നും"

**എല്ലാവർക്കും എപ്പോഴും സഹായത്തിനെത്തുന്ന, എല്ലാ വർക്കും പ്രയോജനകരമായ തരത്തിൽ ജീവിതം നയിക്കുന്ന വ്യക്തിയായാൽ മാത്രമേ ഖുർആനിലെ വൃക്ഷത്തിന്റെ ഉപമ പോലെ മുസ്‌ലിംകൾ ആയിത്തീ രുകയുള്ളു. ജാതി-മത ഭേദമന്യേ സഹജീവികൾക്ക് സാന്ത്വന മേകുന്ന, എല്ലാവർക്കും എല്ലായ്പോഴും സഹായ ത്തിനെത്തുന്ന, എല്ലാവരോടും എല്ലായ്പോഴും ഗുണകാംക്ഷ പുലർത്തുന്ന ഒരാളെ ആർക്കാണ് വെറുക്കാൻ കഴിയുക?**

---

(നബിവചനം). പ്രവാചകൻ മറ്റൊരിക്കൽ പറഞ്ഞു: "ആർ തന്റെ സഹോദരന്റെ ഒരാവശ്യം നിർവഹിച്ചുവോ, അന്ത്യനാളിൽ അവന്റെ ആവശ്യം അല്ലാഹു നിർവഹിക്കും. ആർ തന്റെ സഹോദരന്റെ പോരായ്മകൾ മറച്ചു വെക്കുന്നുവോ, അവന്റെ കുറവുകൾ അന്ത്യനാളിൽ അല്ലാഹു മറച്ചു വെക്കും." തങ്ങൾ മാത്രമാണു ന്നതരും സ്വർഗാവകാശികളുമെന്നും മറ്റുള്ളവരെല്ലാം നീചരും തരംതാഴ്ന്നവരും നരകാവകാശികളുമാണെന്നും കരുതാനുള്ള യാതൊരു പഴുതും ഇസ്‌ലാം നൽകുന്നില്ല. ഖുർആനിലെ പതിനാലാം അധ്യായത്തിൽ (24,25) പറഞ്ഞതു പോലെ, എല്ലാവർക്കും എല്ലാ കാലത്തും തണലായി, കുളിരായി, എല്ലാ കാലത്തും ഫലം പ്രദാനം ചെയ്ത് ജീവിക്കുകയെന്ന സന്ദേശമാണ് ഇസ്‌ലാം നൽകുന്നത്. ഇങ്ങനെ ജീവിക്കുമ്പോൾ വിശ്വാസികൾ ഉന്നതരാവുന്നു.

എല്ലാവർക്കും എപ്പോഴും സഹായത്തിനെത്തുന്ന, എല്ലാവർക്കും പ്രയോജനകരമായ തരത്തിൽ ജീവിതം നയിക്കുന്ന വ്യക്തിയായാൽ മാത്രമേ ഖുർആനിലെ വൃക്ഷത്തിന്റെ ഉപമ പോലെ മുസ്‌ലിംകൾ ആയിത്തീരുകയുള്ളു. ജാതി-മത ഭേദമന്യേ സഹജീവികൾക്ക് സാന്ത്വനമേകുന്ന, എല്ലാവർക്കും എല്ലായ്പോഴും സഹായത്തിനെത്തുന്ന, എല്ലാവരോടും എല്ലായ്പോഴും ഗുണകാംക്ഷ പുലർത്തുന്ന ഒരാളെ ആർക്കാണ് വെറുക്കാൻ കഴിയുക?

"ഒരു മുസ്‌ലിം തന്റെ സഹോദരന്റെ കണ്ണാടിയാണ്" എന്ന് പ്രവാചകൻ പറഞ്ഞു. ഞാൻ മറ്റുള്ളവരുടെ കണ്ണാടിയാണെങ്കിൽ മറ്റുള്ളവർ എന്റെയും കണ്ണാടിയാണ്. കണ്ണാടി കളവ് പറയാറില്ല. നാമുണ്ടാക്കുന്ന ഛായയാണ് മറ്റുള്ളവരിൽ പ്രതിഫലിക്കുക. 'കണ്ണാടിയിൽ നോക്കുന്ന കഴുതക്ക് മാലാഖയെ അതിൽ കാണാനാവില്ല' എന്ന് ഒരു മഹദ്വചനമുണ്ട് (An ass that looks into a mirror should not expect an angel to look out - Arthur Schopenhauer). സ്വന്തം ഛായ മോശമായതിന്ന് കണ്ണാടിയെ കുറ്റംപറയരുതല്ലോ. ഇങ്ങനെ ഒരു പ്രതിഛായ ഉണ്ടാക്കാൻ കഴിഞ്ഞെങ്കിൽ ഒരു മുസ്‌ലിമിനെ ആരും വെറുക്കാനിടയില്ല. ഇസ്‌ലാമിന്റെ അനുയായി എന്ന നിലയിൽ മുസ്‌ലിംകൾ മറ്റുള്ളവർക്ക് തണലായിട്ടുണ്ടോ എന്നാണന്വേഷിക്കേണ്ടത്. ഏവർക്കും എല്ലാ കാലത്തും ഫലം നൽകുന്ന വൃക്ഷമാകാൻ മുസ്‌ലിംകൾക്ക് കഴിയുന്നുണ്ടോ? അതെ എന്നാണുത്തരമെങ്കിൽ, അവരെ ഒരു സമൂഹവും പുറന്തള്ളില്ല, തീർച്ച. എല്ലാവർക്കും വേണ്ടപ്പെട്ടവരായിരിക്കുമവർ. "നന്മയുടെ പ്രതിഫലം നന്മയല്ലാതെ മറ്റെന്താണ്?" എന്ന ഖുർആൻ വാകൃത്തിന്റെ പൊരുളും മറ്റൊന്നല്ല. നന്മകളസ്തമിച്ച് ഇരുൾ വിഴുങ്ങിക്കൊണ്ടിരിക്കുന്ന ആധുനിക ലോകത്തിന്ന് വെളിച്ചം നൽകാൻ അവിടവിടെയായി കാണുന്ന ഈ കൊച്ചു ചെരാതുകൾക്ക് കഴിയുമെങ്കിൽ ആ വിളക്കുകൾ ആർ ഊതിക്കെടുത്താൻ. ■

kcsaleem@journalist.com